⇨ *അറിയുന്നതും അറിവുനേടുന്നതും വ്യത്യസ്തവസ്തുതകളാണ്* ⇨

**ഒരു** മനുഷ്യന്റെ ബാല്യകാലമാണ് ഏറ്റവും സുന്ദരമെന്ന പ്രസ്താവന തികച്ചും വ്യാജമാണ്. പ്രകൃതിയിലെ മറ്റു ജീവവർഗ്ഗങ്ങളുടെ കാര്യത്തിൽ ഇത് വാസ്തവമാണ്. എന്നാൽ മനുഷ്യർക്ക്, എല്ലാവിധത്തിലുമുള്ള വിലക്കുകളാലും നിറഞ്ഞ, വ്യക്തിസ്വാതന്ത്ര്യങ്ങളെ അപ്പാടെ നിഷേധിക്കപ്പെടുന്ന ഒരു കാലമുണ്ടെങ്കിൽ അതു ബാല്യമാണ്. ഈ വിലക്കുകൾ അതിന്റെ ഉച്ചസ്ഥായിയിൽ നടപ്പിലാക്കുന്ന സ്ഥാപനങ്ങളാണ് നമ്മുടെ വീടും വിദ്യാലയങ്ങളും. വ്യക്തിസ്വാതന്ത്ര്യം, ജനാധിപത്യമൂല്യങ്ങൾ, അവകാശങ്ങൾ എന്നിവ നഗ്നമായി ലംഘിക്കുകയും തികച്ചും സ്വേച്ഛാധിപരവും രക്ഷകർതൃ-അധ്യാപക കേന്ദ്രീകൃതവുമാകുന്നു ഇവയെല്ലാം. ഈ തടവിലാക്കപ്പെടുന്ന ബാല്യങ്ങൾക്ക് ഒരു പരിധിവരെ സർഗ്ഗാത്മകമാകുവാൻ

# അറിവിൽ ചുറ്റിത്തിരിയുന്ന വ്യർത്ഥമായ അഭ്യാസങ്ങൾ

മനസ്സുണർത്തുക, ഹൃദയമുണർത്തുക, കരമുണർത്തുക (minds on, heart on, hands on) എന്ന പ്രാഥമിക പ്രക്രിയയാണ് വിദ്യഭ്യാസത്തിന്റെ അടിസ്ഥാനമാവേണ്ടതെന്നും ഈ പ്രവർത്തനങ്ങളുടെ ഏകോപനമാണ് ഒരു വ്യക്തിയുടെ സർഗ്ഗാത്മകതയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളെന്നും

**ബി.എസ്. ശ്രീകണ്ഠൻ**

കഴിയാറില്ല. സ്വയം അറിയലിന്റെയും തിരിച്ചറിവിന്റെയും പാഠങ്ങൾ അഭ്യസിക്കാതെ അറിവിന്റെ മാത്രം അഭ്യാസങ്ങൾക്കു മുൻപിൽ ചുറ്റിക്കറങ്ങുകയാണ് നമ്മുടെ വിദ്യാഭ്യാസ സങ്കല്പങ്ങൾ മിക്കവയും.

ഗ്രഹിക്കുക എന്നത് ബുദ്ധിവ്യാപാരമല്ല, അറിയുന്നതും അറിവുനേടുന്നതും വ്യത്യസ്തവസ്തുതകളാണ്. അറിയൽ എന്നാൽ ഭാഷയോ ശാസ്ത്രമോ സാങ്കേതികവിദ്യയോ പഠിക്കുന്നതുപോലെയല്ല. അതെല്ലാം ഓർമ്മയിൽ സ്വരൂപിച്ചുവയ്ക്കേണ്ടതുമാത്രമാണ്. എന്നാൽ മാനസികമണ്ഡലത്തിൽ സ്വയമാർജിക്കുന്ന നൈപുണിയാണ് ഗ്രഹിക്കുന്നതിലൂടെ സ്വായത്തമാക്കേണ്ടത്. എന്തിനേപ്പറ്റിയെങ്കിലും അറിഞ്ഞുവെന്ന് പറയുമ്പോൾ, നാം അതോടൊപ്പം സമയം പങ്കിട്ട്, അനുഭവിച്ച്, നിരീക്ഷിച്ച്, യുക്തിയുടെ ഉരകല്ലിൽ പരിശോധിച്ച് അതിന്റെ ഘടനയും സാരാംശവും പ്രവർത്തനങ്ങളുമൊക്കെ മനസ്സിലാക്കുകയെന്നതാണ് കേവല അറിവിനേക്കാൾ അറിയലിനെ വ്യത്യസ്തമാക്കുന്നത്. വിജ്ഞാനിയായ മനുഷ്യൻ അന്ധനാണ്. അയാൾ കേവലം ഗ്രന്ഥം വഹിച്ചുകൊണ്ടുനടക്കുന്നവനായിരിക്കും. അയാൾ കേവലം ഗ്രന്ഥം ആവർത്തിച്ചുകൊണ്ടിരിക്കും. അറിയലിന്റെ ആളിന് സ്വന്തമായി കണ്ണുകളുണ്ടായിരിക്കും. യേശുവും ബുദ്ധനുമൊന്നും വിജ്ഞാനികളായിരുന്നില്ല എന്നതാണ് സത്യം. ജീവിതവഴിയിലെ മുള്ളുകൾ എടുത്തുമാറ്റുന്നവരും സമൂഹത്തിന്റെ മുറിവുണക്കുന്നവരുമായിരുന്നു അവർ. ഇവിടെ മൂല്യനിർണ്ണയത്തിന്റെ ഏകകം പ്രകൃതി സ്നേഹത്തിന്റേതും പാരസ്പര്യ



**ക്ലാസ്മുറിക്ക് 'പുറത്തെ' ക്രിയാത്മകത**: കുറ്റിപ്പുറം സർക്കാർ യു.പി സ്കൂളിന്റെ ഭിത്തിയിൽ കുട്ടികൾ വരച്ച ചിത്രം. *ഫോട്ടോ: ബിജു ഇബ്രാഹിം*

ഈ മത്സരയോട്ടങ്ങളിൽ ഇതുവരെയാരും ജയിച്ചിട്ടില്ല എന്നതാണ് സത്യം. കാരണം ഓട്ടത്തിനിടയിൽ നിങ്ങൾ നിൽക്കുമ്പോൾ മാത്രമാണ് വിജയം നിശ്ചയിക്കുന്നത്. ആഗ്രഹങ്ങൾക്കു പിന്നാലെ ജീവിതാവസാനം വരെ ഓടിക്കൊണ്ടേയിരിക്കുകയാണല്ലോ നമ്മൾ

ത്തിന്റേതുമായിരിക്കും. എന്നാൽ നമ്മുടെ വിദ്യാമന്ദിരങ്ങൾ മനുഷ്യസ്നേഹത്തിന്റെ വ്യാകരണമെന്തെന്ന് പരിചയപ്പെടുത്തുന്നില്ല. വിശ്വപ്രകൃതിയുടെ ഭാഷയും മാനവികതയുടെ അർത്ഥവും എന്തെന്നു പറഞ്ഞുകൊടുക്കുന്നില്ല. ഒരു കമ്പുവെട്ടാൻ മരത്തോടു സമ്മതം ചോദിച്ചു പ്രാർത്ഥിക്കുകയും, മരുന്നിനു വേണ്ടി വേരെടുക്കുമ്പോൾ പോലും കൈകൂപ്പി മണ്ണിനോടു മാപ്പുചോദിക്കുകയും ചെയ്തിരുന്ന പൈതൃകത്തെക്കുറിച്ചോ നാം കുട്ടികളെ പഠിപ്പിക്കുന്നില്ല. പകരം ബാല്യത്തിൽ മാത്സര്യത്തിന്റെ സമസ്യകളാണവിടെ പൂരിപ്പിക്കുന്നത്. അശാസ്ത്രീയതയുടെ മാരത്തോണിൽ പാഠപുസ്തകങ്ങളെ മറികടക്കാനുള്ള യന്തിരന്മാരായി നമ്മുടെ കുട്ടികളെ പരുവപ്പെടുത്തുന്നു. അഹംഭാവത്തിന്റെ പരിശീലനങ്ങളാണ് വർത്തമാനവിദ്യാഭ്യാസത്തിലൂടെ നമ്മൾ കുട്ടികൾക്ക് പകർന്ന് കൊടുക്കുന്നത്. സ്നേഹവും അഹംഭാവവും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലാണ്. അതൊരിക്കലും കൂട്ടിമുട്ടില്ല. കുട്ടിമനസ്സുകളിലെ കഴിവുകൾക്ക് സർഗ്ഗാത്മകമാകാൻ വിലങ്ങിടുന്നത് മത്സരങ്ങളാണ്. മനുഷ്യമനസ്സിൽ സർഗ്ഗാത്മകതയുടെ വിത്തുകൾ മുളയ്ക്കാൻ ഇതുതടസ്സമാകുന്നു. മത്സരിക്കുന്ന മനസ്സുകൾക്ക് ഒരിക്കലും സർഗ്ഗാത്മകമാകാൻ കഴിയില്ല. കാരണം മത്സരം ആഗ്രഹങ്ങളുടെ വേഗതയിലധിഷ്ഠിതമായ ഒരു പ്രക്രിയയാണ്. അത് മുന്നോട്ടുള്ള കുതിക്കലാണ്. അത് ചിന്തയുടെ പരിധിയിൽ നിന്നും ഏറെ അകലെയായിരിക്കും. എല്ലാവരേയും പിന്നിലാക്കണമെന്ന കേവലചിന്തമാത്രം.

വേഗതയാർന്ന മനസ് ആതുരവും വേഗതയറ്റ മനസ്സ് ആരോഗ്യമുള്ളതുമായിരിക്കും എന്നു പറയുന്നതതുകൊണ്ടാണ്. മത്സരത്തിനിടയിൽ എവിടെയും നിൽക്കരുതെന്ന് നാം കുട്ടികളെ പഠിപ്പിക്കുന്നു. മറ്റുള്ളവരെ ഏറെ ദൂരം പിന്നിലാക്കണമെങ്കിൽ കൂടുതൽ ശക്തിയോടെ കുതിയ്ക്കണം. പക്ഷെ ഈ മത്സരയോട്ടങ്ങളിൽ ഇതുവരെയാരും ജയിച്ചിട്ടില്ല എന്നതാണ് സത്യം. കാരണം ഓട്ടത്തിനിടയിൽ നിങ്ങൾ നിൽക്കുമ്പോൾ മാത്രമാണ് വിജയം നിശ്ചയിക്കുന്നത്. ആഗ്രഹങ്ങൾക്കു പിന്നാലെ ജീവിതാവസാനം വരെ ഓടിക്കൊണ്ടേയിരിക്കുകയാണല്ലോ നമ്മൾ.

മനുഷ്യന്റെ മസ്തിഷ്ക വളർച്ചയുടെ 9/10 ഭാഗവും പൂർത്തിയാകുന്നത് ശൈശവത്തിലാണ്. ബുദ്ധിവളർച്ചയുടെ 80 ശതമാനവും പൂർത്തിയാകുന്നതും ഈ പ്രായത്തിൽ തന്നെ. അന്വേഷണത്തിനും, നിർമ്മാണത്തിനും ആശയവിനിമയത്തിനും സൂക്ഷ്മരൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നതിനുമൊക്കെയുള്ള ചോദനകൾ കുഞ്ഞുമനസുകളിൽ അന്തർലീനമാണ്. തന്റെ പരിസരവും, പ്രകൃതിയിലെ മറ്റു ജൈവരൂപങ്ങളുമായും സംവേദിക്കുമ്പോഴുള്ള അനുഭവങ്ങളിലൂടെയാണ് കുട്ടി അറിവ് സ്വാംശീകരിക്കുന്നത്. ആ അറിവ് മനോനിലവാരത്തിനും ശ്രദ്ധാദൈർഘ്യത്തിനുമനുസരണമായി ക്രിയാത്മക ആശയമായി ആവിഷ്കരി

## ടോട്ടോചാൻ പുസ്തകത്തിൽ നിന്നും

മനുഷ്യശരീരം എത്ര മനോഹരമാണെന്ന് കുട്ടികൾ മനസ്സിലാക്കണം. അത് മാസ്റ്റർക്ക് നിർബന്ധമായിരുന്നു. റ്റോമോസ്കൂളിൽ യാസ്വാക്കിചാനെപ്പോലെ പോളിയോ ബാധിച്ച കുട്ടികളുണ്ടായിരുന്നു. മറ്റുതരത്തിൽ അംഗവൈകല്യം വന്നവർ, കൃശഗാത്രർ - എല്ലാമുണ്ടായിരുന്നു. അവർ ഉടുവസ്ത്രങ്ങളുടെ മറയില്ലാത്ത അവയവങ്ങളുമായി മറ്റുള്ളവരോടൊപ്പം കളിക്കട്ടെ. അതവരെ ലജ്ജാശീലത്തിൽ നിന്നകറ്റും. അവരിൽ അപകർഷബോധമുണ്ടാവാതെ സൂക്ഷിക്കും. ഇത്തരത്തിലായിരുന്നു മാസ്റ്റർ ചിന്തിച്ചത്. വൈകല്യംകൊണ്ട് ലജ്ജാപൂർണ്ണരും വിമുഖരുമായിത്തീർന്ന കുട്ടികൾ കുറേശ്ശെ സ്വയം തിരിച്ചറിഞ്ഞ് ആനന്ദിക്കാൻ തുടങ്ങുമെന്നും താമസിയാതെ തന്നെ തങ്ങളുടെ അപകർഷബോധത്തെ അവർ പൂർണ്ണമായും മറികടക്കുമെന്നും അദ്ദേഹം അനുഭവത്തിൽ നിന്നും മനസ്സിലാക്കി.

• • •

"ഇതാണ് നിങ്ങളുടെ ഇന്നത്തെ മാഷ്. അദ്ദേഹം എല്ലാം നേരിട്ട് ചെയ്തു കാണിച്ച് പഠിപ്പിക്കാമ്പോവ്വാ". മാസ്റ്റർ പുതിയ അധ്യാപകനെ പരിചയപ്പെടുത്തി. ടോട്ടോച്ചാൻ പുത്തൻ മാഷെ ശ്രദ്ധാപൂർവ്വം നോക്കിക്കണ്ടു. ഒരു അധ്യാപകന് ചേർന്ന മട്ടിലേ അല്ല അദ്ദേഹത്തിന്റെ വസ്ത്രധാരണം. ഒറ്റനോട്ടത്തിൽ തന്നെ അത് വ്യക്തമായിരുന്നു. ബനിയനുമുകളിൽ മുഷിഞ്ഞ മുറിക്കയ്യൻ ഷർട്ട്. നെക്ടൈയുടെ സ്ഥാനത്ത് കഴുത്തിലൂടെ ചുറ്റിയിരിക്കുന്ന ഒരു തോർത്ത്. കാലിനോട് പറ്റിച്ചേർന്ന നരയൻ നീല ട്രൗസർ അവിടവിടെയായി കീറിയിട്ടുണ്ട്. ഷൂസിന് പകരം അദ്ദേഹം ധരിച്ചിരുന്നത് പണിക്കാരുടേതുപോലെ അടിവശത്ത് റബ്ബർ പതിപ്പിച്ച ഇടുങ്ങിയ നാടൻ കാലുറകളാണ്. തലയിൽ തീർത്തും പഴകിപ്പൊളിഞ്ഞ ഒരു വൈക്കോൽ തൊപ്പിയും....

"..... ഇദ്ദേഹമാണ് നിങ്ങളുടെ കൃഷി അധ്യാപകൻ" തൊട്ടടുത്ത് തന്നെയുണ്ടായിരുന്ന മാസ്റ്റർ പറഞ്ഞു. "വയലില് കൃഷിയിറക്കുന്നതെങ്ങനെയെന്ന് നിങ്ങളെ പഠിപ്പിക്കാംന്ന് ഇദ്ദേഹം അനുകമ്പാപൂർവ്വം സമ്മിതിച്ചു. അതായത്, റൊട്ടിയുണ്ടാക്കുന്നത് പഠിപ്പിക്കാൻ ഒരു റൊട്ടിക്കാരനെത്തന്നെ കിട്ട്കാന്ന് വിചാരിക്യ; അതുപോലെ", മാസ്റ്റർ അധ്യാപകനോടായി പറഞ്ഞു. "നമുക്ക് തുടങ്ങാം. എന്താണ് ചെയ്യേണ്ടതെന്ന് കുട്ടികൾക്ക് പറഞ്ഞു കൊടുത്തോളൂ". ഒരു സാധാരണ എലിമെന്ററി സ്കൂളിലാണെങ്കിൽ, ആരായാലും എന്ത് വിഷയമായാലും കുട്ടികളെ പഠിപ്പിക്കാൻ അധ്യാപനയോഗ്യതകൾ ഉണ്ടായോ മതിയാവൂ. പക്ഷേ, കൊബായാഷി മാസ്റ്റർ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് തലപുണ്ണാക്കാറില്ല. കാര്യങ്ങൾ നേരിട്ട് കണ്ട് പഠിക്കുന്നതാണ് കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രധാനമെന്ന് അദ്ദേഹം കരുതി.

ക്കുമ്പോൾ അതൊരു സർഗ്ഗാത്മക പ്രവൃത്തിയായി മാറുന്നു. കുട്ടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഇതിനനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. അതിന് മനസിന്റെയും, ഹൃദയത്തിന്റെയും, ശരീരത്തിന്റെയും സമ്പൂർണ്ണമായ ഉണർച്ച ഉണ്ടാവേണ്ടതുണ്ട്. ഈ ഉണർവാണ് അല്ലെങ്കിൽ ഈ ബോധമാണ് ഒരാളെ സർഗ്ഗാത്മകതയിലേയ്ക്ക് എത്തിക്കുന്നത്.

മനസ്സുണർത്തുക, ഹൃദയമുണർത്തുക, കരമുണർത്തുക (minds on, heart on, hands on) എന്ന പ്രാഥമിക പ്രക്രിയയാണ് ഇതിന് അടിസ്ഥാനപരമായിവേണ്ടത്. ഈ പ്രവർത്തനങ്ങളുടെ ഏകോപനമാണ് ഒരു വ്യക്തിയുടെ സർഗ്ഗാത്മകതയെ സ്വാധീനിക്കുന്ന പ്രധാന ഘടകം. മനസ്സുണർത്തുക എന്നത് കേവലം ബുദ്ധിപരമായ കാര്യമല്ല. വസ്തുക്കളെ നിരീക്ഷിക്കാൻ സ്വതന്ത്രമായ മനസ്സാണുവേണ്ടത്. പക്ഷംപിടിക്കുകയും മത്സരിക്കുകയും ചെയ്യുന്ന മനസ്സല്ല, മറിച്ച് കാര്യങ്ങൾ കാര്യകാരണസഹിതം വിശകലനം ചെയ്ത് അപഗ്രഥിക്കാനുള്ള മനോനിലവാരമാണ് ഈ 'ഓൺ' ആക്കൽ എന്നുപറയുന്നത്. അതുപോലെ ഹൃദയമുണർത്തുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത് തെളിഞ്ഞബുദ്ധിയും മുന്തിനിൽക്കുന്ന ആത്മാർത്ഥതയുമുള്ള ഹൃദ്യതയാണ്.

തന്റെയും മറ്റുള്ളവരുടെയും സ്ഥിതിയുമായി പൊരുത്തപ്പെടാനും അവ തന്റെ തന്നെ പ്രശ്നമെന്ന തിരിച്ചറിവോടെ സമീപിക്കാനുമുള്ള വൈകാരികമായ വിശാലത ഹൃദയത്തിൽ ഉണർന്നിരിക്കണം. അങ്ങനെയുള്ള മനസ്സിന്റെയും ഹൃദയ ചിന്തയുടെയും തണലിലാണ് ക്രിയാത്മകമത പ്രവർത്തിക്കുന്നത്. ■